**APPENDIX H4** 14.09.2021

## നോട്ടീസ്

ശ്രീ. അബു ചെറിയാൻ. എം, അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, കൊല്ലം എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം II(VII) ൽ പരാമർശിക്കുന്ന "സർവ്വീസിൽ നിന്നും നീക്കം ചെയ്യൽ (Removal from Service)" എന്ന ശിക്ഷ നിങ്ങൾക്ക് നൽകാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ മറുപടിയോ/വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോട് നിർദ്ദേശിച്ചുകൊണ്ടുള്ള (14/07/2021-ാം തീയതിയിലെ ഇ2-25687/2018/സിഇ.ഐ നമ്പരായുള്ള) വകുപ്പ്തല അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് സഹിതമുള്ള കാരണംകാണിക്കൽ നോട്ടീസ് ഏറ്റവും ഒടുവിൽ അറിയാവുന്ന താങ്കളുടെ മേൽവിലാസത്തിലും താങ്കൾ അവസാന മായി അവധി അപേക്ഷ നൽകിയ 'mabchel@yahoo.com' എന്ന ഇ-മെയിൽ അഡ്ര സ്സിലും അയച്ചിരുന്നു. എന്നാൽ തപാൽ വഴി അയച്ച മേൽ കാരണംകാണിക്കൽ നോട്ടീസിനോ ഇ-മെയിൽ മുഖേന താങ്കൾക്കയച്ച കാരണംകാണിക്കൽ നോട്ടീസിനോ താങ്കൾ മറുപടി അയയ്ക്കാതെയിരിക്കുകയും ചെയ്തതായി കാണു ന്നു. അതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനു ള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കാരണംകാണിക്കൽ നോട്ടീസിന് താങ്ക ളുടെ ലിഖിതമായ എതിർവാദ പത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്ത സാഹചര്യത്തിൽ താങ്കൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കാനില്ലെന്ന് അനു മാനിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതാണെന്ന് അറിയിക്കുന്നു. മേൽ പരാമർശിച്ച വകുപ്പ്തല അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് സഹിതമുള്ള കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണരൂപം നിശ്ചിത കാലാവധിക്ക് മുമ്പ് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽ നിന്നും ഓഫീസ് പ്രവൃത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകിക്കൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിൻമേലോ നിങ്ങൾക്ക് വാങ്ങാവുന്നതാ ണ്. ടി വിഷയത്തിൽ താങ്കൾക്ക് നേരിൽ കേൾക്കാൻ ആഗ്രഹമുണ്ടെങ്കിൽ അക്കാര്യവും ശിക്ഷണാധികാരിയെ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ**
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
തിരുവനന്തപുരം

ശ്രീ. അബു ചെറിയാൻ. എം,
തെക്കേതിൽ, ഞാലിയോട്,
അമ്പിപൊയ്ക, കുണ്ടറ
കൊല്ലം - 691501